**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4550**

**29.06.2012 ൽ മറുപടിയ്ക്ക്**

## ദേശീയ ഗ്രാമീണ ഉപജീവന മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം) സംസ്ഥാനത്ത് എന്നു മുതൽക്കാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | എ) | 2012 ഫെബ്രുവരി മുതൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |
| ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടു കൂടിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | ബി) | സംസ്ഥാന സർക്കാരിന്റെ **12..11..2010 ലെ ജി.ഒ. (എം.എസ്സ്) നമ്പർ 262/2010/തസ്വഭവ** നമ്പർ ഉത്തരവ് മുഖേന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീയെ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ഉപജീവന മിഷനായി നിയോഗിച്ചുകൊണ്ട്,. സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനം (അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ്) വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| സി) | ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; പ്രസ്തുത മാർഗനിർദ്ദേശ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | സി) | എൻ.ആർ.എൽ.എം. പദ്ധതിയുടെ സംസ്ഥാനത്തിന്റെ 7 വർഷത്തെ പദ്ധതി രൂപീകരിക്കുന്നതിനും വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച് 'ഫ്രെയിം വർക്ക് ഓഫ് ഇംപ്ലിമെന്റേഷൻ' കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| ഡി) | ഈ പദ്ധതി കേരളത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശത്തിൽ | ഡി) | എൻ.ആർ.എൽ.എം. പദ്ധതി നടത്തിപ്പിന് സംസ്ഥാന തലത്തിൽ എസ്.ആർ.എൽ.എം (സംസ്ഥാന ഉപജീവന മിഷൻ)-ആയി പ്രത്യേക ഏജൻസി രൂപീകരിക്കണമെന്ന് |

| | |
|---|---|
| പരാമർശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | എൻ.ആർ.എൽ.എം-ന്റെ 'ഫ്രെയിം വർക്ക് ഓഫ് ഇംപ്ലിമെന്റേഷൻ' -ൽ നിർദ്ദേശിക്കുന്നിടത്ത് (അദ്ധ്യായം-6) നിലവിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപന സംവിധാനമുണ്ടെങ്കിൽ ടി മാർഗ്ഗ നിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പ്രസ്തുത സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി വിപുലപ്പെടുത്തി അതേ സൊസൈറ്റിയെ എസ്.ആർ.എൽ.എം-ആയി നിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ എൻ.ആർ.എൽ.എം-ന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങൾക്ക് ദാരിദ്ര്യ നിർമ്മാർജ്ജന ഘടകങ്ങളുടെ വിവിധ മേഖലകളിൽ വിദഗ്ദ്ധ പിന്തുണ നൽകുന്നതിനുള്ള റിസോഴ്സ് ഓർഗനൈസേഷൻസുകളിൽ ഒന്നായി കുടുംബശ്രീയെയും കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**